ഉത്തരം

(എ&ബി) കഴിഞ്ഞ നാല് വർഷക്കാലം രാജധാനി ഹോട്ടൽ സമുച്ചയം ഉടമ ഡോ. ബിജു രമേശിന്റെ നികുതി കുടിശ്ശികയുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റ് നികുതി വകുപ്പിൽ യാതൊരു കേസുകളും നിലവിലില്ല.

(സി) പ്രസ്തുത വ്യക്തി കഴിഞ്ഞ 5 വർഷക്കാലം സെയിൽസ് ടാക്സ് ഇനത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കിയ തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

2010-11	2011-12	2012-13	2013-14	2014-15
360.23	380.38	428.88	475.39	301.44

സംസ്ഥാന വിവരാവകാശ കമ്മീഷണർമാരുടെ ഒഴിവുകൾ

129 (3639) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷണർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ആവശ്യത്തിന് ജീവനക്കാരും കമ്മീഷണർമാരും ഇല്ലാത്തതിനാൽ പ്രസ്തുത വകുപ്പിൽ പരാതികൾ കെട്ടികിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട എത്ര ഹർജികളാണ് തീർപ്പുകൽപ്പിക്കാനുള്ളതെന്ന് വിശദീകരിക്കാമോ ;

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന വിവരാവകാശ കമ്മീഷണർമാരുടെ 4 ഒഴിവുകളാണ് നിലവിലുള്ളത്.

(ബി&സി) സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ലഭിച്ച അപ്പീൽ/കംപ്ലയിന്റ് ഹർജികളിൽ ആകെ 8428 എണ്ണം നിലവിൽ തീർപ്പ് കൽപ്പിക്കുവാനുണ്ട്.

(ഡി) നിലവിലുള്ള നാല് ഒഴിവുകൾ നികത്തുന്നതിനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ പ്രമുഖ പത്രമാധ്യമങ്ങളിലും പത്രക്കുറിപ്പായി പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

വിവരം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ വെബ്സൈറ്റായ www.kerala.gov.in-ലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 15-12-2015 ആയിരുന്നു. ഈ അപേക്ഷകൾ പരിശോധിച്ച് നിയമനം നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. ഒഴിവുകൾ നികത്തുന്ന മുറയ്ക്ക് പ്രശ്നം പരിഹരിക്കപ്പെടും.

അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കൽ

130 (3640) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുക എന്നത് 3-12-2011 തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 12/2011/നിയമം പ്രകാരം സംസ്ഥാന വ്യവഹാരനയത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്.

(ബി) സംസ്ഥാന വ്യവഹാരനയത്തിന്റെ പ്രധാന ലക്ഷ്യം സംസ്ഥാന സർക്കാരിനെ കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്തവുമുള്ള വ്യവഹാരിയാക്കി മാറ്റുകയും സർക്കാർ കക്ഷിയായുള്ള കേസുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി കാലാവധി പതിനഞ്ച് വർഷത്തിൽനിന്നും മൂന്ന് വർഷമായി കുറയ്ക്കുക എന്നതും ആണ്. എ.ഡി.ആർ സംവിധാനങ്ങളായ മീഡിയേഷൻ, ആർബിട്രേഷൻ തുടങ്ങിയവ വഴി വിഷയങ്ങൾ വ്യവഹാരങ്ങൾ കൂടാതെ ഒത്തുതീർപ്പാക്കുക എന്നതും ഇതിൽ ലക്ഷ്യമിടുന്നു. കൂടാതെ കേസുകളുടെ നടത്തിപ്പ് ഏകോപിതമായും സമയബന്ധിതമായും പൂർത്തിയാക്കുകയും ശരിയായ കേസ്സുകൾ ഫലപ്രദമായി നടത്തുകയും അനാവശ്യ വ്യവഹാരങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുകയുംവഴി സംസ്ഥാന ഖജനാവിന് കേസ് നടത്തിപ്പിൽ വരുന്ന ഭീമമായ ചെലവ് ലഘൂകരിക്കുകയും ചെയ്യുക എന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly